# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേളന്നൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി/പി3/1305/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 27/09/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേളന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. കെ.കെ.ഡി/പി3/1305/2023 തീയ്യതി: 27/09/2023

## കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-11-2022 മുതൽ 18-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ജോഷോ ബെന്നറ്റ് ജോൺ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 27-07-2023 | 03-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-07-2023 | 03-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.സതീഷ് കുമാർ, ഓഡിറ്റ് ഓഫീസർ ഹയർ ഗ്രേഡ്
ശ്രീമതി.രബിത.ടി.പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ദിശ.ആർ.കെ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.വിജേഷ്.കെ.കെ, ഓഡിറ്റർ
ശ്രീമതി.റെൻസി.ഇ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
| --- | --- | --- | --- |
| ശ്രീ നൗഷീർ സി.പി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ ജോയ് കുമാർ വി | സെക്രട്ടറി | 01-04-2022 | 10-10-2022 |
| ശ്രീ സിന്ധു വി.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-10-2022 | 21-10-2022 |
| ശ്രീ മനോജ് കുമാർ | സെക്രട്ടറി | 21-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
| --- | --- | --- | --- |
| ശ്രീമതി.സിന്ധു.വി.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 01-11-2022 |
| ശ്രീമതി.നിർമ്മല അഗസ്റ്റിൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2022 | 31-03-2023 |
| ശ്രീമതി.നിത്യ.കെ.എസ് | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷാഹിത.ടി | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീമതി.ഭാഗ്യശ്രീ.ബി | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി.സബീന.പി. | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീ.ശശി.സി | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി.ദീപ്തി.ഇ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 01-10-2022 |
| ശ്രീമതി.സ്മിത | അസിസ്റ്റന്റ് എഞ്ചിനീയർ | 06-10-2022 | 31-03-2023 |
| ശ്രീ.വിനീഷ് | വെറ്റിനറി ഹോസ്പിറ്റൽ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഹസീന | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ജ്യോതി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ ദിലീപ് കുമാർ | കൃഷി ഓഫീസർ | 01-04-2022 | 14-09-2022 |
| ശ്രീമതി ദീപ ജി | കൃഷി | 15-09-2022 | 30-09-2022 |

| | | | |
|---|---|---|---|
| | ഓഫീസർ(അഡീഷണൽ ചാർജ്ജ്) | | |
| ശ്രീമതി ജിജിഷ | കൃഷി ഓഫീസർ | 01-10-2022 | 31-03-2023 |
| ശ്രീമതി ശ്രുപ്ന വി.എം | എസ്.ഐ ഓഫ് ഫിഷറീസ് (എംപ്ലോയ്മെന്റ് വഴി നിയമനം) | 01-04-2022 | 29-07-2022 |
| ശ്രീമതി ബബിത | എസ്.ഐ ഓഫ് ഫിഷറീസ് | 30-07-2022 | 31-03-2023 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ | 1-1-1 |
| 3 | ക്യാഷ് ഫ്ളോ പത്രിക-അപാകത | 1-1-2 |
| 4 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി. | 1-1-3 |
| 5 | ബാങ്ക് റിക്കൺസിലിയേഷൻ പരിശോധനയ്ക്കായി ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല | 1-1-4 |
| 6 | ട്രഷറി VPFA-1-2-(1) നമ്പർ അക്കൗണ്ടിന് റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല | 1-1-5 |
| 7 | ഡയറക്റ്റിലി ഡബിറ്റഡ് ബൈ ബാങ്ക് ആയ തുക ക്രമീകരിച്ചില്ല | 1-1-6 |
| 8 | വാർഷിക കണക്കിലെ തുകകളും രജിസ്റ്ററിലെ സംക്ഷിപ്തവുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | വാർഷിക കണക്ക് ബാലൻസ് രജിസ്റ്ററുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടലിൽ അപാകത | 1-1-8 |
| 10 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല | 1-1-9 |
| 11 | ഡിമാന്റ് എൻട്രി- അപാകത | 1-1-10 |
| 12 | ലെഡ്ജറും രജിസ്റ്ററുകളും തമ്മിലുള്ള പ്രതിമാസ പൊരുത്തപ്പെടുത്തൽ അപാകത | 1-1-11 |
| 13 | ഡിപ്രീസിയേഷൻ അപാകത | 1-1-12 |
| 14 | റിഡംപ്ഷൻ തുക സംബന്ധിച്ച അപാകത | 1-1-13 |
| 15 | ആസ്തി ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയില്ല | 1-1-14 |
| 16 | വാർഷിക കണക്കിൽ വിധവാ പെൻഷൻ തുക ഉൾപ്പെടുത്തിയില്ല | 1-1-15 |
| 17 | ബെനിഫിഷ്യറി കോണ്ട്രിബ്യൂഷൻ- സമ്പന്ധിച്ച അപാകത | 1-1-16 |
| 18 | ബജറ്റ് | 1-2 |
| 19 | സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പെയ്മെന്റ് പ്രകാരം) | 1-3 |
| 20 | ഫണ്ട് വിനിയോഗം | 1-4 |
| 21 | പദ്ധതി അവലോകനം | 1-5 |
| 22 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 23 | ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ | 1-7 |
| 24 | തൊഴിൽ നികുതി അപാകതകൾ | 1-8 |

| | | |
|---|---|---|
| 25 | 250 ചതുരശ്ര മീറ്ററിനു മുകളിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് നികുതി വർദ്ധനവുണ്ടോ എന്നുറപ്പ് വരുത്തേണ്ടതാണ്. | 1-9 |
| 26 | രസീതി പിരിവിലെ അപാകതകൾ | 1-10 |
| 27 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവൃത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തു. | 1-11 |
| 28 | ആർ ട്രാക്ക് പദ്ധതി തുടർനടപടികളുടെ വിശദാംശങ്ങൾ ഹാജരാക്കിയില്ല | 1-12 |
| 29 | പദ്ധതി ഉപേക്ഷിച്ചിട്ടും പദ്ധതിക്കുള്ള ജില്ലാപഞ്ചായത്ത് വിഹിതം തിരിച്ചടച്ചില്ല | 1-13 |
| 30 | വൃദ്ധർക്ക് കട്ടിൽ വിതരണം - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-14 |
| 31 | ഹോമിയോ ഡിസ്‌പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ മരുന്നുകൾ മുഴുവൻ ലഭ്യമായില്ല. | 1-15 |
| 32 | കുടിവെള്ള വിതരണം | 1-16 |
| 33 | ബഡ്സ് സ്കൂൾ ഗ്രാന്റ് - ചെലവഴിക്കാൻ ബാക്കിയുള്ള തുകയുടെ വിശദാംശം ലഭ്യമല്ല / മറ്റ് അപാകതകൾ | 1-17 |
| 34 | ബഡ്സ് സ്കൂൾ വാഹന വാടക – ബദൽ സംവിധാനം ആവിഷ്കിക്കേണ്ടതാണ് | 1-18 |
| 35 | എഫ്.എച്ച്.സി.യിൽ സോളാർ സ്ഥാപിക്കൽ - പ്രവൃത്തിയുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ. | 1-19 |
| 36 | സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ - അപാകതകൾ | 1-20 |
| 37 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം(ST) | 1-21 |
| 38 | വൃദ്ധർക്ക് പകൽവീട് നിർമ്മാണം . അനുബന്ധപ്രവർത്തികൾ | 1-22 |
| 39 | ടേക്ക് എ.ബ്രേക്ക് പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-23 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215 (4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 26.06.2023 തീയതിയിലെ 1/1 തീരുമാന പ്രകാരം തയ്യാറാക്കി 30-06-2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചേളന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക കണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ

അക്കൗണ്ടിഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ:- റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ.

### 1-1-2 ക്യാഷ് ഫ്ളോ പത്രിക-അപാകത

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും

നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

1-1-3 രസീത് തെറ്റായ ശീർഷകത്തിൽ നൽകി.

ചുവടെ കൊടുത്ത വരവുകൾ തെറ്റായ ശീർഷകത്തിൽ നൽകിയതായി കാണുന്നു.

A) ലേല രജിസ്റ്റർ പ്രകാരമുള്ള വരവും യഥാർത്ഥ വരവും വാർഷിക കണക്കിലെ വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ലേല രജിസ്റ്റർ പ്രകാരമുള്ള ആകെ വരവ് (Sale Of Scrap) | വാർഷിക കണക്ക് പ്രകാരമുള്ള വരവ് (I-5) | വ്യത്യാസം | ഹെഡ് മാറി പോസ്റ്റ് ചെയ്ത തുക | ഹെഡ് മാറി പോസ്റ്റ് ചെയ്ത തുക കഴിച്ച് രജിസ്റ്ററിലെ വരവുമായി വ്യത്യാസ മുള്ള തുക |
|---|---|---|---|---|
| 11802/- | 8290/- | 3512/- | 2950/- | 562/- |

B) ഓഡിറ്റ് റിക്കവറി ഇനത്തിൽ RP-10(Rpt) ഇനത്തിൽ വാർഷിക കണക്ക് പ്രകാരം 64201/-രൂപ വരവ് കാണിച്ചിട്ടുണ്ട്. എന്നാൽ ഇത് യഥാർത്ഥത്തിൽ ഓഡിറ്റ് റിക്കവറി അല്ല. ഇത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രോജക്റ്റ് നം (231/20-21) പ്രവൃത്തിയിൽ ക്വോട്ട് ചെയ്ത ടെണ്ടർ നിരക്ക് ബിലോ എസ്റ്റിമേറ്റ് റേറ്റ് ബില്ലിൽ നിന്നും കുറവ് വരുത്താൻ വിട്ടു പോയ തുക തിരിച്ച് അടപ്പിച്ചതാണ്. എന്നാൽ ഇത് തെറ്റായി ഓഡിറ്റ് റിക്കവറി ഹെഡിലാണ് പോസ്റ്റ് ചെയ്തിരിക്കുന്നത്. ഇത് പരിഹരിച്ചിട്ടില്ല.

C) ഓഡിറ്റ് റിക്കവറിയായി യഥാർത്ഥത്തിൽ വന്ന 1100/- രൂപ പോസ്റ്റ് ചെയ്തിര്ക്കുന്നത് RP-35 (Other Liabilities(Rpt)) എന്ന ഹെഡിൽ Govt.and Other Dues Payable -Audit Recovery എന്ന ശീർഷകത്തിൽ തെറ്റായാണ് പോസ്റ്റ് ചെയതത്.

1-1-4 ബാങ്ക് റിക്കൺസിലിയേഷൻ പരിശോധനയ്ക്കായി ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല

ട്രഷറി VPFA-1-2-(1) നമ്പർ അക്കൗണ്ടിന്റേത് ഒഴികെ മറ്റ് എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും റിക്കൺസിലിയേഷൻ ILGMS ൽ ചെയ്തിട്ടുണ്ടെങ്കിലും ചുവടെ കൊടുത്ത ബാങ്ക് അക്കൗണ്ടുകളുടെ മാർച്ച് 2023 ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| ബാങ്ക് അക്കൗണ്ട് | വാർഷിക കണക്ക് പ്രകാരം നീക്കിയിരിപ്പ് |
|---|---|
| SBI HEALTH GRAND (A/C NO. 87863) | 108474/- |

| | |
|---|---|
| SBI-EPAY ( A/C NO.12194) | 2082439/- |
| TREASURY (VPFA-1-2-(1) | 576/- |
| SBI ( A/C NO.3317) | 211665/- |

### 1-1-5 ട്രഷറി VPFA-1-2-(1) നമ്പർ അക്കൗണ്ടിന് റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല

വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B-17 പ്രകാരം ട്രഷറി VPFA-1-2-(1) നമ്പർ അക്കൗണ്ട് പ്രകാരം 576/- രൂപ നീക്കിയിരിപ്പായി കാണുന്നു. എന്നാൽ ഈ അക്കൗണ്ടിന് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ILGMS ൽ ചെയ്തിട്ടില്ല. കൂടാതെ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം അക്കൗണ്ടിൽ നീക്കിയിരിപ്പില്ല. 2021-22 വാർഷിക കണക്ക് B-17 പ്രകാരവും 576/- രൂപ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ടെങ്കിലും ഇത് 2022-23 വാർഷിക കണക്ക് ട്രയൽ ബാലൻസിൽ Co-operative Bank A/c Of Own Revenue Fund എന്ന അക്കൗണ്ടിലാണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്.

### 1-1-6 ഡയറക്റ്റിലി ഡബിറ്റഡ് ബൈ ബാങ്ക് ആയ തുക ക്രമീകരിച്ചില്ല

SBI E Payment അക്കൗണ്ടിന്റെ (A/c No.212194) ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank ആയി 30-04-2022 ലെ 2945/-രൂപ 2022-23 സാമ്പത്തിക വർഷാവസാനവും ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

### 1-1-7 വാർഷിക കണക്കിലെ തുകകളും രജിസ്റ്ററിലെ സംക്ഷിപ്തവുമായി പൊരുത്തപ്പെടുന്നില്ല

ചുവടെ കൊടുത്ത ഡി.സി.ബി/വരവ് രജിസ്റ്ററുകൾ എന്നിവയുടെ വാർഷിക കണക്കിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തമായി ചേർത്ത തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

A) FTE&O ലൈസൻസിന്റെ 2022-23 ലെ ഡിമാന്റ് എന്നത് 2021-22 ലെ B-9 പ്രകാരം തുടർ വർഷത്തേക്ക് അഡ്വാൻസ് ആയി ലഭിച്ച തുകയും 2022-23 ൽ തൻ വർഷത്തേക്ക് വരവ് വന്ന ലൈസൻസ് ഫീസും (RP-45 (R)-Current) തമ്മിൽ കൂട്ടി കിട്ടുന്ന തുകയോട് 2023-24 ലേക്കുള്ള അഡ്വാൻസ് തുക കുറച്ച് കിട്ടുന്ന തുകയായിരിക്കണം. ഈ തുക തന്നെയായിരിക്കണം I-4 ൽ ഡിമാന്റ് ആയി കാണിച്ചിരിക്കുന്ന തുകയും. എന്നാൽ ഇവിടെ ഇത് പൊരുത്തപ്പെടുന്നില്ല.

| A | B | C | D | |
|---|---|---|---|---|
| 2021-22 (B-9) പ്രകാരം 2022-23 ലേക്കോ തുടർ വർഷത്തിലേക്കോ അഡ്വാൻസ് ആയി വന്ന തുക | 2022-23 (RP-45 (Rpt) പ്രകാരം തൻ വർഷ വരവ് | A+B | I-4 പ്രകാരം ഡിമാന്റ് ആയി കാണിച്ചിരിക്കുന്നത് | C,D എന്നിവ തമ്മിലുള്ള വ്യത്യാസം |
| 104640/- | 150020/- | 254660/- | 256160/- | 1500/- |

എന്നാൽ I-4 പ്രകാരമുള്ള തുക തന്നെയാണ് ഡിമാന്റ് ആയി സെക്രട്ടറി രജിസ്റ്ററിൽ വരവായി സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥത്തിൽ വരവ് തുക ഡിമാന്റിലും 1500/- രൂപ കുറവാണ്. വാർഷിക കണക്കിൽ അപാകത വന്നതിന് മറുപടി നൽകേണ്ടതാണ്.

B) ഈ ഖണ്ഡികയിലെ 7(a) യിൽ പരാമർശിച്ച പ്രകാരം തൊഴിൽ നികുതി വരവും വാർഷിക കണക്കും

തമ്മിൽ 4700/- രൂപയുടെ വ്യത്യാസം കാണുന്നു.

C) വസ്തുനികുതിയിലും ഇതേ വ്യത്യാസം കാണുന്നു. പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-8 വാർഷിക കണക്ക് ബാലൻസ് രജിസ്റ്ററുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടലിൽ അപാകത

വാർഷിക കണക്ക് ബാലൻസ് ഷീറ്റിലെ തുകകളുമായി ചുവടെ കൊടുത്ത രജിസ്റ്ററുകളിലെ നീക്കിയിരിപ്പ് സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

A)സ്റ്റോക്ക് രജിസ്റ്റർ

B) ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ

C) ഡെപ്പോസിറ്റ് രജിസ്റ്റർ

D) അഡ്വാൻസ് രജിസ്റ്റർ

E) ഗ്രാന്റ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ

F) ലോൺ രജിസ്റ്റർ

1-1-9 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല

ആസ്തി രജിസ്റ്റർ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്താവുന്ന രീതിയിൽ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

1-1-10 ഡിമാന്റ് എൻട്രി- അപാകത

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. ഇവിടെ വർഷാദ്യം ചെയ്യേണ്ട ഡിമാന്റ് എൻട്രികൾ ജനവരി 2023 ലാണ് എൻട്രി വരുത്തിയിരിക്കുന്നത്.

1-1-11 ലെഡ്ജറും രജിസ്റ്ററുകളും തമ്മിലുള്ള പ്രതിമാസ പൊരുത്തപ്പെടുത്തൽ അപാകത

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട ഒരു രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല.

1-1-12 ഡിപ്രീസിയേഷൻ അപാകത

ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

1-1-13 റിഡംപ്ഷൻ തുക സംബന്ധിച്ച അപാകത

B-4 പ്രകാരമുള്ള ജോയിന്റ് വെഞ്ചർ പ്രോജക്ടിന്റെയും 2021-22 ലെ ഡെഫേർഡ് സാലറിയുടെയും ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും റിഡംപ്ഷനായ തുകയും ആണ് റഡംപ്ഷനായി 2023-24 ൽ ലഭ്യമാവാനായി ആകെ ഉള്ള റിഡംപ്ഷൻ തുക എന്നത്. എന്നാൽ ഇവയുടെ ആകെ തുകയും B-15 ലെ റിഡംപ്ഷൻ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. കൂടാതെ റിഡംപ്ഷനായ ഡെഫേർഡ് സാലറി നാളിതുവരെ തിരികെ ഈടാക്കാൻ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.

1-1-14 ആസ്തി ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയില്ല

പഞ്ചായത്തിൽ എം.പി ഫണ്ട് ചെലവഴിച്ച് സൃഷ്ടിക്കപ്പെട്ട ആസ്തികൾ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ (ബി-3) ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

1-1-15 വാർഷിക കണക്കിൽ വിധവാ പെൻഷൻ തുക ഉൾപ്പെടുത്തിയില്ല

വിധവാ പെൻഷൻ ഇനത്തിൽ ഗുണഭോക്താക്കൾക്ക് നൽകിയ തുക വാർഷിക കണക്കിലെ ഇൻകം

& എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-16 ബെനിഫിഷ്യറി കോണ്ട്രിബ്യൂഷൻ- സമ്പന്ധിച്ച അപാകത

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ (B-4) ൽ ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ ഇനത്തിൽ 51228/-രൂപ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്. എന്നാൽ ഇത് ഏത് ഇനത്തിലെ ഗുണഭോക്തൃ വിഹിതമാണ് എന്ന് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022 -23 വർഷത്തെ ബജറ്റ് 17/2/2022 ലെ 2 നമ്പർ തീരുമാന പ്രകാരവും, പുതുക്കിയ ബജറ്റ് 23/03/2023 ലെ 1(2) നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പെയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 29408640 |
| ഓഡിറ്റ് വർഷത്തെ വരവ് | 51653270 |
| ആകെ | 81061910 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 45824761 |
| നീക്കിയിരിപ്പ് | 35237149 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 24244425 | 24244425 | 23421464 | 822961 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 8698519 | 8698519 | 8402707 | 295812 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 220151 | 220151 | 220151 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 10524000 | 1024000 | 5111892 | 5412108 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 7736000 | 7736000 | 7335670 | 400330 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 227 | 72 | 98 | 57 | 43% |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.08.2023 ന് 4.00 Pm മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32,842/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനസ്രോതസ്സുകൾ പൂർണ്ണമായി കണ്ടെത്തുകയും പുതിയവ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ തനത് വരുമാനഫണ്ട് വിപുലീകരിക്കാവുന്നതാണ്. ചേലന്നൂർ ഗ്രാമപഞ്ചായത്തിലെ വരവിനങ്ങൾ പരിശോധിച്ചതിൽ ഓഡിറ്റ് നിരീക്ഷണങ്ങളും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശകളും താഴെ ചേർക്കുന്നു.

### വസ്തുനികുതി വരവ്

2011 ലെ വസ്തുനികുതി ചട്ടപ്രകാരം 5 വർഷം കൂടുമ്പോൾ നിയമാനുസരണം നികുതി വർദ്ധിപ്പിക്കാവുന്നതാണ്. 22.03.2023 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 77/2023/ എൽ.എസ്.ജി.ഡി പ്രകാരം നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി പുതുക്കി നിശ്ചയിക്കുന്നതിനും കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണത്തിന്റെ കരട് വിജ്ഞാപനം (എ3-4124/2023 തീയതി 23.06.2023) നടത്തി 24.06.2023ന് പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയത് 31/07/2023ന് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ

അപ്ഡേഷൻ ഐ.കെ.എം നേരിട്ടാണ് ചെയ്യുന്നത്. നിലവിൽ പ്യൂരിഫിക്കേഷൻ മോഡ്യൂൾ ലോക്ക് ചെയ്തിട്ടാണുള്ളതെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

സ്ഥാപനം അനധികൃത നിർമ്മാണം രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ചു നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതുമാണ്.

വസ്തുനികുതി അടവാക്കുന്നതിൽ നിന്ന് കെട്ടിടങ്ങൾ ഒഴിഞ്ഞ് പോകാതിരിക്കുന്നതിന് മറ്റേത് സ്ഥാപനങ്ങളിൽ നിന്നും ഒരു കെട്ടിടത്തെ സംബന്ധിച്ചുള്ള ഏതെങ്കിലും തരത്തിലുള്ള സേവനങ്ങൾ ലഭിക്കണമെങ്കിൽ പഞ്ചായത്തുകളിൽ ടി കെട്ടിടത്തിന്റെ നികുതി അടച്ചതിന്റെ രശീതി ഹാജരാക്കണം എന്നത് നിർബന്ധമാക്കാനുള്ള ഭേദഗതി വന്നാൽ നികുതി പിരിവ് കാര്യക്ഷമമാകും. വൈദ്യുതി, റേഷൻ കാർഡ് മുതലായവയ്ക്ക് കെട്ടിട നമ്പർ നിർബന്ധമാക്കണം എന്നത് നിർദ്ദേശിക്കാവുന്നതാണ്. സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി നേതൃത്വം നൽകേണ്ടതുമാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുന്നതും നല്ലതാണ്. ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് ഇത് കാര്യക്ഷമമാക്കാൻ ഉള്ള നിർദ്ദേശങ്ങൾ കമ്മറ്റിയിൽ അവതരിപ്പിക്കാവുന്നതാണ്.

തൊഴിൽ നികുതി വരവ്

തൊഴിൽനികുതി ഇനത്തിൽ സ്ഥാപനത്തിനു ലഭ്യമായ വരവ് മാത്രമാണ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നത്. ഡിമാന്റ് ബാലൻസ് എന്നിവ രേഖപ്പെടുത്തുന്നില്ല. സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനിയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, റേഷൻ കട വ്യാപാരികൾ), സ്വകാര്യ സ്കൂൾ / കോളേജുകൾ തുടങ്ങി തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായവരുടെ ഡാറ്റാ ബേസ് സൂക്ഷിക്കുന്നുണ്ട്. എന്നിരുന്നാലും തൊഴിൽ നികുതിയുടെ ഡിമാന്റ് കലക്ഷൻ എന്നിവ പൂർണ്ണമല്ല. ബന്ധപ്പെട്ട് തൊഴിലുടമ ലഭ്യമാക്കുന്ന വിവരങ്ങളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. വിശദാംശം ഖണ്ഡിക 1-8 പരാമർശത്തിൽ ചേർത്തിട്ടുണ്ട്.

തൊഴിൽ നികുതി- സ്ഥാപനങ്ങൾ, സ്വയം തൊഴിൽ കണ്ടെത്തിയവർ പ്രൊഫഷണലുകൾ മുതലായവരെ ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ വാർഡ് തലത്തിലുള്ള ഡാറ്റാബെയ്സ് ഉണ്ടാക്കി കാലികമായ പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കുറ്റമറ്റതാക്കാവുന്നതാണ്. എല്ലാ മേഖലയിലും സ്പാർക്ക് പോലുള്ള സോഫ്റ്റ്‌വെയറിൽ നിന്നും നേരിട്ട് തന്നെ തൊഴിൽനികുതി കണക്കാക്കി അക്കൗണ്ടിൽ വരവ് വരുന്ന രീതി നടപ്പാക്കിയാൽ നികുതി പിരിവ് കാര്യക്ഷമമാകും . കണക്ക് കൃത്യമായി സമർപ്പിക്കാത്ത സ്ഥാപന മേധാവി/ ഉടമയ്ക്ക് പിഴ ചുമത്താവുന്നതാണ്.

ഓരോ അർദ്ധവർഷത്തിലും നിലവിലുള്ള അസസ്മെന്റുകളുടെ നിശ്ചിത ശതമാനം പരിശോധന നടത്താവുന്നതാണ്. ഓരോ സ്ഥാപനത്തിനും ലോഗിൻ നൽകി അതിൽ ജീവനക്കാരുടെ വിവരങ്ങളും ഇടപാടുകളും സംബന്ധിച്ച വിവരങ്ങളും രേഖപ്പെടുത്തി നികുതി ഓൺലൈനായി അടക്കാവുന്നതും അതു വഴി ലൈസൻസ് നൽകുന്നതുമായ ഒരു അവസ്ഥ ഉണ്ടായാൽ ഇവ കാര്യക്ഷമമാകും. ഗ്രാമ പഞ്ചായത്ത് പരിധിയിൽ തുടങ്ങുന്ന ഏതൊരു സ്ഥാപനവും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണം എന്ന നിയമവും ചട്ടവും നടപ്പിലാകുന്നുവെന്ന് ഉറപ്പ് വരുത്താവുന്നതാണ്. വിവിധ മേഖലകളിൽ സ്വയം തൊഴിൽ പ്രാക്ടീസ് ചെയ്ത് വരുന്നവരിൽ നിന്ന് വരുമാനത്തിന്റെ ആനുപാതികമായി ഒരു അർദ്ധവർഷത്തേക്ക് നിശ്ചിത തുക

തൊഴിൽ നികുതിയായി അടവാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന തരത്തിൽ തൊഴിൽ നികുതി ചട്ടങ്ങൾ ഭേദഗതി വരുത്തുന്നത് പരിഗണിക്കുന്നതിന് സർക്കാരിൽ നിർദ്ദേശം സമർപ്പിക്കാവുന്നതാണ്.

ലൈസൻസ് വരവ്

ലൈസൻസ് രജിസ്റ്ററിലെ ഡിമാന്റ് , കലക്ഷൻ എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ഖണ്ഡിക 1-1-7 കാണുക. ലൈസൻസ് ഇല്ലാതെ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് 2021-22 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഖണ്ഡിക 1-9 ൽ പരാമർശിച്ചിട്ടുണ്ട്. നിലവിൽ പഞ്ചായത്ത് വാർഡ് തിരിച്ച് ഡെയ്ഞ്ചേഴ്സ് ലിസ്റ്റ് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ഫീൽഡ് പരിശോധനയിലൂടെ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാവുന്നതാണ് .

നിലവിൽ പഞ്ചായത്തിൽ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്ബ്/ സ്റ്റേഡിയം, നീന്തൽക്കുളങ്ങൾ, കേബിൾ ടി.വി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ എന്നിവയിൽ നിന്നും സിപ്പ്ലൈൻ, ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയിൽ നിന്നും വിനോദനികുതി ഈടാക്കുന്നില്ല. എന്നാൽ ഒളോപ്പാറ ടൂറിസം സംബന്ധിച്ച ചർച്ചകൾ നടക്കുന്നുണ്ടെന്നും പദ്ധതി രൂപീകരിച്ചിട്ടില്ലെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതി നിരക്കുകൾ താഴെപ്പറയുന്ന നിരക്കുകളിൽ കുറവായിരിക്കുവാൻ പാടുള്ളതല്ല.

| | | |
|---|---|---|
| (എ) | ശുചിത്വ പരിപാലനം (അതത് പ്രദേശത്തെ കെട്ടിടത്തിന്റെ പൊതുവായ ശുചിത്വ പരിപാലന ത്തിനും ചപ്പു ചവറുകൾ, പക്ഷിമൃഗാദികളുടെ ജീർണ്ണ അവശിഷ്ടം, വിസർജ്യ വസ്തുക്കൾ തുടങ്ങിയ പരമാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനുമുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതി യുടെ 4% |
| (ബി) | ജലവിതരണം (തെരുവുടാപ്പുകൾ ഉൾപ്പെടെയുള്ള ജലവിതരണ സംവിധാനങ്ങളുടെ ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 3% |
| (സി) | തെരുവുവിളക്കുകൾ (സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 2% |

| | | |
|---|---|---|
| (ഡി) | ഡ്രയിനേജ് (അഴുക്ക ചാൽ സംവിധാനം ഉൾപ്പെടെയുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 1% |

ഗ്രാമപഞ്ചായത്തിന് , ഏതെങ്കിലും പ്രദേശത്ത് ഏർപ്പെടുത്തിയ 1ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന ഒരു സേവനം ആ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഒരു കെട്ടിടത്തിന് ലഭ്യമാക്കിയിട്ടില്ല എന്ന കാരണത്താൽ ആ കെട്ടിടത്തെ അതത് സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കുന്നതാണ്.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ വരുമാന വർദ്ധനവ് വരുത്തുന്നതിന് വസ്തുനികുതിയോടൊപ്പം ചട്ടപ്രകാരമുള്ള സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് അറിയിക്കേണ്ടതാണ്.

കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ സർവ്വീസ് ചാർജ് ഈടാക്കാവുന്നതാണ്

പഞ്ചായത്തിന്റെ പരിധിയിൽ കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അത്തരം കെട്ടിടങ്ങളുടെ സംഗതിയിൽ 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285-ാം അനുച്ഛേദം അനുസരിച്ച് വസ്തുനികുതി ഉൾപ്പെടെയുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിന് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾക്കായി 2-ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള നിരക്കിൽ സർക്കാർ ഇതിലേക്കായി നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

• വിഭവസമാഹരണത്തിന്റെ വിവിധ ഭാഗങ്ങൾ, തലങ്ങൾ, പ്രവർത്തനങ്ങൾ സംബന്ധിച്ച്

ഉദ്യോഗസ്ഥർ നിർവ്വഹിക്കേണ്ട കടമകൾ നിർവ്വഹിക്കുന്നുണ്ടോ എന്ന പരിശോധിക്കണം.

• വിഭവസമാഹരണത്തിലെ ചോർച്ച ഒഴിവാക്കാനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ നല്കണം.

• കെട്ടിടങ്ങളുടേയും ഭൂമികളുടേയും സമ്പൂർണ്ണലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപനങ്ങളുടെ പട്ടിക എന്നിവ തയ്യാറാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും ഭരണ സമിതിക്ക് ശിപാർശകൾ നൽകേണ്ടതുമാണ്.

## 1-8 തൊഴിൽ നികുതി അപാകതകൾ

ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് രജിസ്റ്ററും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ, അവയുടെ പേരിനു നേരേ കാണിച്ചിരിക്കുന്ന അർദ്ധവർഷത്തെ തൊഴിൽ നികുതി പിരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിശദവിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | താഴെ ചേർത്ത സ്ഥാപന ങ്ങളിൽ നിന്നും തൊഴിൽ നികുതിയിനത്തിലുള്ള വരവ് (രൂപ) (ഈടാക്കിയ അർദ്ധ |
|---|---|---|---|

| | | | |
|---|---|---|---|
| | | | വർഷത്തെ നികുതി) |
| 1 | എം.ജി.എൻ.ആർ.ഇ.ജി.എസ് ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് | രണ്ടാം അർദ്ധ വർഷം ഈടാക്കിയില്ല | 2500/- |
| 2 | റബ്ബർ മാർക്ക് | ആദ്യ അർദ്ധ വർഷം ഈടാക്കിയില്ല | 1000/- |
| 3 | ഗ്രാമീൺ സമൃദ്ധി | രണ്ടാം അർദ്ധവർഷം ഈടാക്കിയില്ല | 1800/- |
| 4 | ദക്ഷിൺ ഫുഡ് പ്രൊഡക്ട്സ് | ആദ്യ അർദ്ധ വർഷം ഈടാക്കിയില്ല | 3150/- |

2. പഞ്ചായത്തിന്റെ ലൈസൻസ്, ട്രേഡേഴ്സിന്റെ തൊഴിൽനികുതി എന്നിവ പരിശോധിച്ച തിൽ പല സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. എതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം/ സ്ഥാപനത്തിന്റെ പേര് | ലൈസൻസ് രജിസ്റ്റർ പ്രകാരം ചേർത്തിരിക്കുന്ന ലൈസൻസ് നമ്പർ |
|---|---|---|
| 1 | ഗുരുകുലം വൈദ്യശാല, ചേളന്നൂർ | 6 |
| 2 | ഒരുക്കം ഫ്ലോർമിൽ, കണ്ണങ്കര | 16 |
| 3 | ദിവ്യ സലൂൺ, ചേളന്നൂർ | 44 |
| 4 | അമാന ഏജൻസീസ് | 124 |
| 5 | പ്രവാസി ഹാർഡ് വെയർ | 128 |
| 6 | ശോഭ മെഡിക്കൽസ് | 134 |
| 7 | ബേബി ടോയ്സ് ആന്റ് ഗിഫ്റ്റ് | 136 |
| 8 | മണ്ണാറത്ത് ട്രേഡേഴ്സ് | 139 |
| 9 | സംഗമം സഹകരണ സ്റ്റോർ | 142 |
| 10 | എൻ.എം. ഹോട്ട് ആന്റ് കൂൾ | 149 |
| 11 | ഫാമിലി കൂൾ ബാർ | 165 |
| 12 | ചേളന്നൂർ പ്രിന്റേർസ് | 167 |
| 13 | ജി.എം.സി. മോട്ടോർസ് | 179 |
| 14 | എഡ്ജ് മൊബൈൽസ് | 183 |
| 15 | യൂ മാർട്ട് | 202 |
| 16 | ഒരുമ ഫൂട്ട് വെയർ | 203 |
| 17 | പി.കെ കൂൾ ബാർ | 212 |
| 18 | ഷീനാസ് ടെക്സ്റ്റൈൽസ് | 213 |
| 19 | എസ്.ആർ സ്റ്റേഷനറി | 225 |

| | | |
|---|---|---|
| 20 | ശങ്കർ ട്രേഡേഴ്സ് | 268 |
| 21 | ആദിത്യ ട്രേഡേഴ്സ് | 269 |
| 22 | വിവാൻ ഫ്ലോർ ആന്റ് ഓയിൽ മിൽ | 270 |
| 23 | നന്മ ഫ്ലോർ മിൽ | 271 |
| 24 | യൂ കെയർ ഫാർമ | 279 |
| 25 | സപ്ലൈക്കോ | 346 |
| 26 | പുതിവയൽ ഇൻഡസ്ട്രി | 439 |
| 27 | ഫ്രെഷ് ആന്റ് ഹോട്ട് ബേക്കറി ആന്റ് കൂൾ ബാർ | 450 |

3. തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളും സർക്കാർ നിഷ്കർഷിച്ചതിന് വിരുദ്ധമായാണ് തൊഴിലാളികൾക്ക് വേതനം നൽകുന്നതെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><th>ക്രമ നം.</th><th>സ്ഥാപനം</th><th>തൊഴിലാളി യുടെ പേര്/ ഉദ്യോഗപ്പേര്</th><th>റിട്ടേൺ പ്രകാരം നൽകുന്ന അടിസ്ഥാന വേതനം (രൂപ)</th><th>നിയമ പ്രകാരം നൽകേണ്ടുന്ന മിനിമം വേതനം (രൂപ)</th><th>സർക്കാർ ഉത്തരവ്</th></tr>
<tr><td rowspan="2">1</td><td rowspan="2">പി.ഐ പോളി ക്ലിനിക്ക്, കുമാരസ്വാമി</td><td>ശ്രീ. നിവേദ് കൃഷ്ണ ഫാർമസിസ്റ്റ്</td><td>5000/-</td><td>14560/-</td><td rowspan="2"></td></tr>
<tr><td>ശ്രീമതി. പ്രിയ. നഴ്സ്</td><td>4000/-</td><td>14560/-</td></tr>
<tr><td rowspan="3">2</td><td rowspan="3">കോകോ പെട്രോൾ പമ്പ് (ഐ.ബി.പി)</td><td>അക്കൗണ്ടന്റ്- ശ്രീ. നൗഫൽ പമ്പ് അറ്റന്റർ</td><td>7450/-</td><td>13300/-</td><td rowspan="3">G.O. (P) No. 22/2020/LBR. Dated,Thiruvananthapuram, 7th February, 2020</td></tr>
<tr><td>ശ്രീമതി. റീന. പി, പമ്പ് അറ്റന്റർ</td><td>7000/-</td><td>12450/-</td></tr>
<tr><td>ശ്രീമതി. ഷീബ. സി.എം,</td><td>7000/-</td><td>12450/-</td></tr>
</table>

| | | | | |
|---|---|---|---|---|
| | പമ്പ് അറ്റന്റർ | | | |
| | ശ്രീ. രവീന്ദ്രൻ, പമ്പ് അറ്റന്റർ | 7000/- | 12450/- | |
| | ശ്രീ. വിജയൻ, പമ്പ് അറ്റന്റർ | 7000/- | 12450/- | |
| | ശ്രീ. കൃഷ്ണൻ, പമ്പ് അറ്റന്റർ | 7000/- | 12450/- | |

തൊഴിൽ വകുപ്പ് ഓരോ തൊഴിലിനും ബാധകമായിട്ടുള്ള മിനിമം വേതനം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുമ്പോൾ വേതനം വസ്തുനിഷ്ഠമായാണ് രേഖപ്പെടുത്തുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തൊഴിൽ നികുതിയിൽ ഇളവ് ലഭിക്കുന്നതിനായാണ് വേതനം കുറച്ച് കാണിക്കുന്നതെങ്കിൽ സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കേണ്ടതാണ് അല്ലാത്തപക്ഷം തൊഴിലാളികളെ ചൂഷണം ചെയ്യുന്ന ഇത്തരം സ്ഥാപനങ്ങളുടെ വിവരം ലേബർ വകുപ്പിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-9 250 ചതുരശ്ര മീറ്ററിനു മുകളിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് നികുതി വർദ്ധനവുണ്ടോ എന്നുറപ്പ് വരുത്തേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203, 208 വകുപ്പ്, 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും, സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം അതതു പഞ്ചായത്ത് പ്രദേശത്തുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നു. പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 6, കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവിനെ കുറിച്ചാണ്. ഇതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർധനവുണ്ട്.

വസ്തുനികുതി പരിശോധിച്ചതിൽ 250 ചതുരശ്ര മീറ്ററിനു മുകളിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങൾ 157 എണ്ണമാണുള്ളത്. ഇതിൽ തറ നിർമ്മിതി സാധാരണ തറ എന്ന് നൽകി നികുതിയിൽ വർദ്ധനവില്ലാത്ത കെട്ടിടങ്ങളിൽ ചിലത് താഴെ പട്ടികയിൽ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് , | കെട്ടിടത്തിന്റെ വിസ്തീർണ്ണം | നികുതി പ്രാബല്യത്തിൽ വരുന്ന തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | വിലാസം | | |
| 18/45 A | സി.പി സുബ്രാജ്, സുമതി നിവാസ്, കണ്ണങ്കര-673616 | 374.72 ച.മീ | 2023 First Half |
| 16/184 A | രാജീവ്, രാജലക്ഷ്മി, എടപ്പിലേടത്ത്, ചേളന്നൂർ-673616 | 255.78 ച.മീ | 2023 First Half |

വസ്തു നികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകളിൽ (ചട്ടം 12) ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.

250 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾ പരിശോധിച്ച് തറ നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് ചുമത്താവുന്ന 15% വർധന ചുമത്തി നികുതി നിർണ്ണയിക്കേണ്ടതാണ്.

1-10 രസീതി പിരിവിലെ അപാകതകൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ റിംഗ് കമ്പോസ്റ്റ് പിറ്റ് നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് (പ്രൊജക്ട് നമ്പർ New 31/22) മാന്വൽ രശീതികൾ ഉപയോഗിച്ച് 79,278/- രൂപ (362 ഗുണഭോക്താക്കളിൽ നിന്ന് 219/- രൂപ വീതം) ഗുണഭോക്തൃ വിഹിതം പിരിച്ചിട്ടുണ്ട് . ടി മാന്വൽ രശീതികൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. രശീതി ബുക്ക് നമ്പർ 19199 ലെ 1 മുതൽ 68 വരെ രസീതികളിൽ (25.03.2023) മാസവും വർഷവും മാത്രമാണ് രേഖപ്പെടുത്തിയിരുന്നതെന്നും പിന്നീട് തീയതി എഴുതി ചേർത്തിരിക്കുകയാണ് ചെയ്തിട്ടുള്ളതെന്ന് രസീതികളുടെ പുറക് വശത്ത് കാർബൺ പേപ്പറിന്റെ പ്രിന്റ് പരിശോധിച്ചതിൽ നിന്ന് വ്യക്തമാണ്. മാസവും വർഷവും രേഖപ്പെടുത്തിയ കാർബൺ പേപ്പറിന്റെ മഷിയല്ല ദിവസം എഴുതുന്നതിന് ഉപയോഗിച്ചിരിക്കുന്നതെന്ന് കാണാം. ആയതിനാൽ തുക എന്നാണ് യഥാർഥത്തിൽ പിരിച്ചെടുത്തത് എന്ന് വ്യക്തമല്ല. ശേഷം 69 മുതൽ 100 വരെയുള്ള രസീതിയിൽ 25.03.2023 എന്ന് തീയതി രേഖപ്പെടുത്തിയതിൽ അപാകതയില്ല. (25.03.2023 എന്ന് തീയതി രേഖപ്പെടുത്തി സ്വീകരിച്ച തുക 1220606380/G110902 Dt. 25.03.2023ന് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.) പ്രസ്തുത തീയതിയിലെ രസീതി ബുക്കിലെ വരവ് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ട തുക 32850 രൂപയാണെന്നിരിക്കെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിരിക്കുന്നത് 33000/-രൂപയാണ്. 150/-രൂപ അധികം അടവാക്കിയിരിക്കുന്നു.

2. രസീതി ബുക്ക് നമ്പർ 19200 രശീതി നമ്പർ 1 മുതൽ 49 വരെയുള്ള രസീതുകളിൽ കൃത്യമായ തിയ്യതി രേഖപ്പെടുത്തുന്നതിന് പകരം മാസവും വർഷവും മാത്രമാണ് രേഖപ്പെടുത്തിയിക്കുന്നത്. രശീതി നമ്പർ 51 മുതൽ 54 വരെ തീയതി മാത്രം കാർബൺ വയ്ക്കാതെ എഴുതിയിരിക്കുന്നു. കാർബൺ വയ്ക്കാതെ എഴുതിയ തീയതി 05.06.2023 എന്നാണ്. ഉള്ള രസീതുകളിൽ 53 രസീതി മുതൽ 100 വരെ വീണ്ടും മാസവും വർഷവും മാത്രം എഴുതി ദിവസം മാത്രം കാർബൺ വയ്ക്കാതെ പിന്നീട് എഴുതി ചേർത്തിട്ടുള്ളതായും കാണുന്നു (05.06.2023).

3. രസീതി ബുക്ക് നമ്പർ 19201 രശീതി നമ്പർ 1 മുതൽ 36 വരെ 5.03.2023 എന്നുള്ളത് 5.06.2023 എന്നാക്കി തിരുത്തിയിട്ടുണ്ട്. ഈ രശീതി ബുക്കിൽ 1 മുതൽ 62 രസീതി നമ്പർ വരെ മേൽ പരാമർശിച്ച

പദ്ധതിക്കായി 219 രൂപ വീതം ഈടാക്കിയിട്ടുണ്ട്. ശേഷം 63 മുതൽ 100 വരെ രസീതി നമ്പർ പ്രകാരം 01.07.2023 തീയതിയിൽ ബയോഗ്യാസ് പദ്ധതിക്കായി 920 രൂപ വീതം പിരിച്ചതായാണ് കാണിച്ചിരിക്കുന്നത്. എന്നാൽ 5.06.2023 ന് തന്നെ രസീതി ബുക്ക് നമ്പർ 191202 1 മുതൽ 100 വരെ രസീത് നമ്പറുകൾ പ്രകാരം റിംഗ് കമ്പോസ്റ്റ് പിറ്റ് നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് 219 രൂപ വീതം പിരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. 191201 രസീതി ബുക്ക് ഉപയോഗിച്ച് കഴിയാതെ തന്നെ 191202 രസീതി ബുക്ക് ഉപയോഗിച്ചു തുടങ്ങി. തുക സ്വീകരിക്കുമ്പോൾ തന്നെ രസീതി എഴുതുന്നില്ല എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

4. രസീതി ബുക്കുകൾ പ്രകാരം 05.06.2023 സ്വീകരിച്ച തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടത് 46428 ആണെന്നിരിക്കെ അടവാക്കിയിട്ടുള്ളത് 46278 രൂപ മാത്രമാണ് (രസീതി നമ്പർ 1230600709/G110902 Dt. 05.06.2023). 150/- രൂപ കുറവാണ് അടവാക്കിയിരിക്കുന്നത്.

പണം സ്വീകരിക്കുമ്പോൾ രസീതി എഴുതുന്നില്ലെന്ന് മേൽ ചൂണ്ടിക്കാട്ടിയ അപാകതകളിൽ നിന്നും വ്യക്തമാണ്. രസീതി നൽകാതെ ഗുണഭോക്താക്കളിൽ നിന്ന് പണം പിരിവാക്കുമ്പോൾ യഥാർത്ഥത്തിൽ ഈടാക്കേണ്ട തുകയാണോ ഈടാക്കുന്നതെന്ന് ഉറപ്പുവരുത്താൻ സാധിക്കുകയില്ല. ഇതിലൂടെ ഗുരുതര ക്രമക്കേടുകൾ നടക്കാനുള്ള സാധ്യതയുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/22-23 തീയതി 31/07/2023) വി.ഇ.ഒ താഴെ ചേർത്ത പ്രകാരം മറുപടി നൽകിയിട്ടുണ്ട്.

19199- നമ്പർ രശീതി ബുക്കിൽ 25/03/23 തീയതിയിൽ ഗുണഭോക്തൃ വഹിതം പിരിച്ചെടുത്ത ദിവസം തന്നെ പഞ്ചായത്തിൽ തുക അടവാക്കേണ്ട സമയം കഴിയും എന്നതിനാൽ പിരിച്ചെടുത്തതിൽ തീയതി പിന്നീടാണ് രേഖപ്പെടുത്തിയത് എന്നും പ്രസ്തുത പദ്ധതിയിൽ തുടർന്നും ഗുണഭോക്തൃ വിഹിതം അടവാക്കേണ്ടതുള്ളതിനാലാണ് 25/03/23 ന് 32,850/- രൂപക്ക് പകരം 33,000/- രൂപ (150/- രൂപ അധികം) അടവാക്കിയത്. ഇത് 05/06/23 ന് തുക അടവാക്കുമ്പോൾ (150/- രൂപ കുറച്ച്) 46,428/- രൂപക്ക് പകരം 46,278/- രൂപ കുറച്ച് അടവാക്കിയത്. പ്രസ്തുത പദ്ധതി പ്രകാരം 362 ഗുണഭോക്താക്കൾക്ക് 219/- രൂപ നിരക്കിൽ 79,278/- രൂപയാണ് പഞ്ചായത്തിൽ അടവാക്കേണ്ടത്. 25/03/23 ന് 33,000/- രൂപയും 05/06/23 ന് 46,278/- രൂപയും അടക്കം 79,278/- രൂപ കൃത്യമായി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട് എന്നുമാണ് മറുപടി.

19210 റസീറ്റ് ബുക്കിന് പകരം 19202 റസീറ്റ് ബുക്ക് എടുത്താണ് 05/06/23 റിംഗ് കമ്പോസ്റ്റ് പദ്ധതി ഗുണഭോക്തൃ വിഹിതം അടവാക്കിയതെന്നും മുഴുവൻ രശീതിയും എഴുതിയതിന് ശേഷമാണ് തെറ്റ് ബോധ്യപ്പെട്ടത് എന്നും പിന്നീട് 19201 റസീറ്റ് ബുക്കിൽ റിംഗ് കമ്പോസ്റ്റ് ബാക്കി ഗുണഭോക്താക്കളുടെയും (1-62) (63-100) ബയോഗ്യാസ് പ്ലാൻറ് ഗുണഭോക്താക്കളുടെയും ഗുണഭോക്തൃ വിഹിതം അടവാക്കിയിട്ടുണ്ട് എന്നും മേൽപറഞ്ഞ അപാകതകൾ തനിക്ക് ബോധ്യപ്പെടുകയും മേലിൽ ആവർത്തിക്കുകയില്ലെന്ന് ഉറപ്പു നൽകുകയും ചെയ്യുന്നു. ഇതിനാൽ ഓഡിറ്റ് എൻക്വയറി 5/2022-23 Dt. 31/07/23 ന്റെ ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്നും മറുപടി സമർപ്പിച്ചിട്ടുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 7(1) പ്രകാരം സർക്കാരിനു ലഭിക്കാനുള്ള ഏതെങ്കിലും തുക ലഭിച്ചു കഴിഞ്ഞാൽ ലഭിച്ച തുകയ്ക്കു രസീതി നൽകേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 16 പ്രകാരം കൈപ്പറ്റുന്ന തുക തൊട്ടടുത്ത പ്രവൃത്തി ദിവസം പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ട തുക യഥാസമയം അടവാക്കാതെ നിയമത്തിനു വിരുദ്ധമായി കൈവശം വെയ്ക്കാൻ പാടുള്ളതല്ല.

രശീതികൾ മുഖേനയുള്ള പണം പിരിവ്, ഒടുക്ക് എന്നിവയുടെ കാര്യത്തിൽ കേരള ഫിനാൻഷ്യൽ കോഡ്, കേരള ട്രഷറി കോഡ്, പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. രശീതി ബുക്കുകൾ അലക്ഷ്യമായും അശ്രദ്ധമായും കൈകാര്യം ചെയ്തത് മൂലമാണ് ഈ പിഴവുകൾ സംഭവിച്ചിട്ടുള്ളത്. മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ

ചെലുത്തേണ്ടതാണ്.

1-11 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവൃത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തു.

2022-23 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ കൊടുക്കും പ്രകാരം വിവിധ പ്രവൃത്തികൾക്ക് വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. KYIP ഡിവിഷൻ പേരാമ്പ്ര, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഇ3- 980/22(1) തിയതി 4.3.23, ഇ3- 5473/22 തിയതി 16.2.23, ഇ3- 2504/22(1) തിയതി 6.12.22, ഇ3- 980/22(1) തിയതി 4.3.23, ഇ3- 980/22 തിയതി 4.3.23, ഇ3- 5477/22 തിയതി 16.2.23 എന്നീ കത്തുകൾ പ്രകാരവും, കെ.എസ്.ഇ.ബി ചേളന്നൂർ അസിസ്റ്റന്റ് എഞ്ചിനീയറുടെ 400975/DPDC02/GL/22/10914(2) തീയതി 27.2.23 കത്ത് പ്രകാരവുമാണ് താഴെ കൊടുക്കും പ്രകാരം യഥാക്രമം തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്.

| ക്രമ നം | പ്രൊജക്റ്റ് നമ്പർ | ഡെപ്പോസിറ്റ് ചെയ്ത തുക | വൗച്ചർ നമ്പർ/ തിയതി | പ്രവൃത്തിയുടെ പേര് | നിർവ്വഹണ ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 1/ 22-23 23 | 8,00,000 (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | 22200801/ 21.03.23 | അഞ്ചാം വളവ് കൃഷി ഭവൻ തരിപ്പാക്കനി റോഡ് | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, K.Y.I.P ഡിവിഷൻ, പേരാമ്പ്ര | കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| 2 | 5/ 22-23 | 80000 | 22200802/ 21.03.23 | പള്ളിപൊയിൽ കാരാട്ട്താഴം റോഡ് | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, K.Y.I.Pഡിവിഷൻ, പേരാമ്പ്ര | കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| 3 | 6/ 22-23 | 800000 | 22200802/ 21.03.23 | കണ്ണങ്കര അക്വഡേറ്റ് മുതൽ വെള്ളാങ്കൂർ വരെ കനാൽ റോഡ് | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, K.Y.I.P ഡിവിഷൻ, പേരാമ്പ്ര | കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |

| | | | | | | |
|---|---|---|---|---|---|---|
| 4 | 9/22-23 | 800000 | 22200802/ 21.03.23 | മുതുവാട്ട് താഴം 9/5 കനാൽ റോഡ് | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, K.Y.I.Pഡിവിഷൻ, പേരാമ്പ്ര | രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി യിട്ടില്ല. |
| 5. | 12/22-23 | 800000 | 22200802/ 21.03.23 | കരിപ്പാപ്പുറത്ത് കനാൽ റോഡ് | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, K.Y.I.Pഡിവിഷൻ, പേരാമ്പ്ര | രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി യിട്ടില്ല. |
| 6 | 194/ 22-23 | 974900 | 22200659/ 4.2.23 | തെരുവ് വിളക്ക് -പുതിയമെയിൻ വലിക്കൽ | അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, കെ.എസ്.ഇ.ബി. ചേളന്നൂർ | രശീത്, വിനി യോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി യിട്ടില്ല. |

തുക അടവാക്കിയതിൽ ചുവടെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1) പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ നമ്പർ ജി.ഒ(കൈ)84/22/തിയതി 19.4.22, ഖണ്ഡിക 12.2(ഡി) പ്രകാരം ഗ്രാമപഞ്ചായത്ത് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ തുക മുൻകൂറായി നൽകാവൂ എന്ന് വ്യക്തമാക്കുന്നുണ്ട്. മാത്രമല്ല ഡെപ്പോസിറ്റ് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി തുടർ പ്രവർത്തനങ്ങൾ സ്വീകരിക്കേണ്ടതാണ് എന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ മേൽ പ്രവൃത്തികളിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ എസ്റ്റിമേറ്റിന്റെ മാത്രം അടിസ്ഥാനത്തിൽ കരാർ വെക്കാതെയാണ് തുക നൽകിയിട്ടുള്ളത് എന്ന് കാണുന്നു. മാത്രമല്ല തുടർ പ്രവർത്തനങ്ങൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടുമില്ല.

2. കെ.വൈ.ഐ.പി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ എസ്റ്റിമേററ് പ്രകാരം ക്രമ നം.1, 2, 3, 4 പ്രവൃത്തികൾക്ക് 13.78% സെന്റേജ് ചാർജ്ജായി യഥാക്രമം 83,587, 83544, 83568, 83541, 83230 എന്നിങ്ങനെ 4,17,470/- രൂപ ഗ്രാമപഞ്ചായത്ത് എസ്റ്റിമേറ്റ് തുകയ്ക്കൊപ്പം ഒടുക്കിയിട്ടുണ്ട്. എന്നാൽ ഡിപ്പോസിറ്റ് പ്രവൃത്തികൾക്കായി എസ്റ്റിമേറ്റിന്റെ 10% സൂപ്പർവിഷൻ ചാർജ്ജും, 2.5% എസ്റ്റിമേററ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജ്ജായി ഈടാക്കാമെങ്കിലും പി.ഡബ്ല്യൂഡി മാന്വൽ ഖണ്ഡിക 1601.4 പ്രകാരവും 17.01.2018 ലെ വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം 4.76, 16-4-2018 ലെ സ.ഉ(സാധാ)നം/1069/2018 ത.സ്വ.ഭ.വ എന്നിവ പ്രകാരവും പി.ഡബ്ല്യൂ.ഡി. മാന്വൽ ജലസേചന വകുപ്പിനും ബാധകമായതിനാൽ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള 2.5% സെന്റേജ് ചാർജ്ജ് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്ന് ഈടാക്കാൻ പാടില്ല. ഇതിനു വിരുദ്ധമായി ഗ്രാമപഞ്ചായത്ത് 13.78% നിരക്കിൽ സെന്റേജ് ചാർജ്ജ് അടവാക്കി.

3. ഇതിൽ ക്രമനമ്പർ 1,4 പ്രകാരമുള്ള പ്രവൃത്തികളുടെ പേരിൽ 2021-22 വർഷവും യഥാക്രമം 8,00,000, 7,00,000 എന്നിങ്ങനെ തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവർത്തികളുടെ ചെയിനേജ് വ്യക്തമാക്കാത്തതിനാൽ ഒരേ പ്രവൃത്തികൾക്കാണോ തുക ഡെപ്പോസിറ്റ് ചെയ്തത് എന്നും ഉറപ്പാക്കാൻ

കഴിഞ്ഞിട്ടില്ല. അപാകതകൾ സൂചിപ്പിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 10/22-23 തിയതി 2.8.23) അപാകതകളുടെ അടിസ്ഥാനത്തിൽ 49,74,900/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-12 ആർ ട്രാക്ക് പദ്ധതി തുടർനടപടികളുടെ വിശദാംശങ്ങൾ ഹാജരാക്കിയില്ല

പ്രോജക്ട്നം : 248 /22-23 , ആർ ട്രാക്ക് പദ്ധതി

അടങ്കൽ : 63000/-

ചെലവ് : 25200/-

ചെക്ക് നം : 168149/22.2.23.തനത് ഫണ്ട്

മേൽ സൂചിപ്പിച്ച പ്രോജക്ട് പ്രകാരം ആസ്തികൾ സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് ട്രാക്കിംഗ് ഇന്റർനെറ്റ്, ജി.പി.എസ്, ആൻഡ്രോയിഡ് സൗകര്യമുള്ള മൊബൈൽ ഫോണും വാഹന സൗകര്യവും ഉപയോഗിച്ച് ചെയ്യുകയാണ് പ്രോജക്ടിന്റെ ലക്ഷ്യം . വാർഡ് ഒന്നിന് 3000 രൂപ നിരക്കിൽ പദ്ധതിയ്ക്കായി വകയിരുത്തുന്നു. എഗ്രിമെന്റ് നം AE/LSGD./14.A/22-23 തി. 7.2.23 പ്രകാരം ശ്രീ. അഭിജിത്ത് എസ്.ആർ പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിനായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഇല്ല. റോഡ് കണക്ടിവിറ്റി മാപ്പിന്റെ ഹാർഡ് കോപ്പി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി സെക്രട്ടറി മുമ്പാകെ ഹാജരാക്കുന്നതാണ് എന്ന് കരാർ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഹാജരാക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. തുടർപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 25200 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-13 പദ്ധതി ഉപേക്ഷിച്ചിട്ടും പദ്ധതിക്കുള്ള ജില്ലാപഞ്ചായത്ത് വിഹിതം തിരിച്ചടച്ചില്ല

അംബേദ്കർ കുടിവെള്ള പദ്ധതിക്കായി ഗ്രാമപഞ്ചായത്തിന് 31.3.2019 ന് ലഭിച്ച ജില്ലാപഞ്ചായത്ത് വിഹിതം നാളിതുവരെ ചെലവഴിക്കുകയോ തിരികെ ജില്ലാപഞ്ചായത്തിൽ അടവാക്കുകയോ ചെയ്തിട്ടില്ല. 30.9.22 ലെ പഞ്ചായത്ത് തീരുമാനം (അജണ്ട 7) പ്രകാരം മേൽ കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് സാങ്കേതിക തടസ്സം നിലനിൽക്കുന്നതിനാൽ പദ്ധതി ഉപേക്ഷിക്കുന്നതിന് തീരുമാനിച്ചതായും തുക തിരിച്ചടവാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒരു വർഷത്തോളമായിട്ടും തുക തിരിച്ചടച്ചിട്ടില്ല. (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 കോഡ് നമ്പർ 320700105) അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-14 വൃദ്ധർക്ക് കട്ടിൽ വിതരണം - സർക്കാർ നിർദ്ദേശം പാലിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| അടങ്കൽ തുക | 875079(വികസനഫണ്ട്) |
| ചെലവ് തുക | 875017 |

വയോജനങ്ങൾക്ക് കട്ടിൽ എന്ന മേൽ പ്രൊജക്ട് പ്രകാരം 198 Cm നീളത്തിലും 90 Cm വീതിയിലും 8 Mm കനമുള്ള പ്ലൈവുഡ് ഉറപ്പിച്ചതുമായ 204 കട്ടിലുകൾ വാങ്ങിയ വകയിൽ 875017/- രൂപ കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷന് (കാഡ്കോ) നൽകിയിട്ടുണ്ട്. സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 2.11.22 ലെ ജി.ഒ.(ആർ.ടി) നം.73/2022/spd നമ്പർ ഉത്തരവ് പ്രകാരം ഉത്തരവിന്

അനുബന്ധമായുള്ള ലിസ്റ്റിൽ ഉൾപ്പെടുന്നവ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാവുന്നതാണെന്നും ലിസ്റ്റിൽ പരാമർശിക്കാത്തവ സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശാനുസരണം വാങ്ങേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. 28.5.22 ലെ സ.ഉ.(കൈ) നം.115/22 ത.സ്വ.ഭ.വ നമ്പറിലുള്ള സബ്സിഡി മാർഗ്ഗരേഖ, ഖണ്ഡിക 7.1.14(2) അനുസരിച്ച് വയോജനങ്ങൾക്ക് അനുവദിക്കേണ്ട കട്ടിലിന്റെ സ്പെസിഫിക്കേഷനും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്പെസിഫിക്കേഷനിലുള്ള കട്ടിൽ മേൽ സർക്കാർ ഉത്തരവിന് അനുബന്ധമായിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ആയത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 14/22-23 തിയതി 3.8.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-15 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ മരുന്നുകൾ മുഴുവൻ ലഭ്യമായില്ല.

പ്രൊജക്റ്റ് നമ്പർ 24/22

അടങ്കൽ 3,00,000/-

ചെലവ് 3,00,000/-

പദ്ധതി പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി മൂന്നുലക്ഷം രൂപ 2022-23 വർഷം രണ്ട് ബില്ലുകളിലായി ആലപ്പുഴ, കേരള സ്റ്റേറ്റ് ഹോമിയോപ്പതി കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്

എന്നാൽ നാളിതുവരെയായി ഹോംകോയിൽ നിന്നും ആകെ 86040/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബാക്കി 2,13,960/- രൂപയുടെ മരുന്നുകൾ കരാർ കാലാവധിയായ 9 മാസത്തിനകം ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഹോംകോയിൽ നിന്ന് മരുന്നുകൾ ലഭ്യമാക്കി അറിയിക്കേണ്ടതാണ്

(ഓഡിറ്റ് എൻക്വയറി നമ്പർ 4/22-23 തീയതി 29.7.2023)

1-16 കുടിവെള്ള വിതരണം

പ്രൊജക്റ്റ് നമ്പർ - 13/22

അടങ്കൽ - 3,00,000/-

ചെലവ് - 2,54,072/- മെയിന്റനൻസ് ഫണ്ട് നോൺ റോഡ്

നിർവ്വഹണം - സെക്രട്ടറി.

സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം 15.04.2022 മുതൽ 18.05.2022 വരെ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുകയും ആയതിന് 254072/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ വിതരണം നടത്തിയ കുടിവെള്ളം ഫുഡ് സേഫ്റ്റി ഡിപ്പാർട്ടുമെന്റിന്റെ റീജിയണൽ അനാലിറ്റിക്കൽ ലാബിൽ നിന്നുള്ള ടെസ്റ്റ് റിപ്പോർട്ട് പ്രകാരം അനുവദനീയമായ അളവിൽ കൂടുതൽ PH ഉള്ളതാണ്. ലാബ് റിപ്പോർട്ട് പ്രകാരം അനുവദനീയ പരിധിയിൽ കവിഞ്ഞ PH ഉള്ള കുടിവെള്ളം വിതരണം ചെയ്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/2022-23 തിയ്യതി 03.08.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-17 ബഡ്സ് സ്കൂൾ ഗ്രാന്റ് - ചെലവഴിക്കാൻ ബാക്കിയുള്ള തുകയുടെ വിശദാംശം ലഭ്യമല്ല / മറ്റ് അപാകതകൾ

2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 4 അനുസരിച്ച് ബഡ്സ് സ്കൂൾ ഗ്രാന്റിനത്തിൽ ലഭിച്ച തുകയിൽ 31.03.23 ന് 11,09,065/- രൂപ നീക്കിയിരിപ്പുണ്ട്. (ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിൽ) പ്രസ്തുത ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ

(കോഡ് നമ്പർ 320100145) 25.03.23 ന് 2,03,875/- രൂപ ചെലവു വന്നിട്ടുണ്ട്. എന്നാൽ 50,035/- രൂപയുടെ ചെലവു രേഖകൾ മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. മേൽ തുക മാത്രമേ ചെലവു വന്നിട്ടുള്ളൂ എന്നാണ് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചത്. ശേഷിക്കുന്ന 1,53,840 രൂപയുടെ വിശദാംശം ഹാജരാക്കേണ്ടതും ചെലവു തുക ഹെഡ് മാറി പോസ്റ്റ് ചെയ്തതാണെങ്കിൽ അക്കാര്യം വ്യക്തമാക്കേണ്ടതുമാണ്. മാത്രമല്ല 31.3.223 ന് ചെലവഴിക്കാൻ ബാക്കിയുള്ള 11,09,065/- രൂപ ഏതിനത്തിൽ ലഭിച്ചതാണെന്ന് വ്യക്തമാക്കേണ്ടതുമാണ്. ആപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 21/22-23 തിയതി 3.8.23)മേൽ തുക സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ചെലവഴിക്കേണ്ടതും അല്ലാത്തപക്ഷം തിരികെ അടവാക്കി അറിയിക്കേണ്ടതുമാണ്.

## 1-18 ബഡ്സ് സ്കൂൾ വാഹന വാടക – ബദൽ സംവിധാനം ആവിഷ്കിക്കേണ്ടതാണ്

നിർവഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ബഡ്സ് സ്കൂളിലേക്ക് കുട്ടികളെ കൊണ്ട് വരുന്നതിനും കൂട്ടിക്കൊണ്ടു പോകുന്നതിനും വാഹനം ഓടുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിച്ച ഷൈനീഷ്.എം.കെ യുടെ ക്വട്ടേഷൻ അംഗീകരിച്ചു. ഒരു ദിവസത്തേക്ക് 2800/- രൂപ നിരക്കിലാണ് അംഗീകരിച്ച വാടക. 2022-23 വർഷം ഈയിനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| വാഹനം ഓടിയ ദിവസങ്ങൾ | | 2800/-രൂപ നിരക്കിൽ അനുവദിച്ചത്. | ആകെ |
|---|---|---|---|
| 20.06.22 മുതൽ 30.06.22 വരെ | 9 ദിവസം | 25200 | 81200 |
| 01.07.22 മുതൽ 14.07.22 വരെ | 10 ദിവസം | 28000 | |
| 15.07.22 മുതൽ 29.07.22 വരെ | 10 ദിവസം | 28000 | |
| 01.08.22 മുതൽ 11.08.22 വരെ | 7 ദിവസം | 19600 | 58800 |
| 12.08.22 മുതൽ 22.08.22 വരെ | 7ദിവസം | 19600 | |
| 23.08.22 മുതൽ 31.08.22 വരെ | 7 ദിവസം | 19600 | |

| | | | |
|---|---|---|---|
| 1.9.22 മുതൽ 30.9.22 വരെ | 17 ദിവസം | 47600 | 98000 |
| 1.10.22 മുതൽ 31.10.22 വരെ | 18 ദിവസം | 50400 | |
| 1.11.22 മുതൽ 30.11.22 വരെ | 21 ദിവസം | 58800 | 109200 |
| 1.12.22 മുതൽ 31.12.22 വരെ | 18 ദിവസം | 50400 | |
| 1.01.23 മുതൽ 31.01.23 വരെ | 21 ദിവസം | 58800 | 58800 |
| 1.02.23 മുതൽ 28.02.23 വരെ | 16 ദിവസം | 44800 | 44000 |
| ആകെ | | | 4,50,000 |

ശരാശരി വാഹനം വാങ്ങിക്കേണ്ട തുകയാണ് ഓരോ വർഷവും വാഹന വാടകയിനത്തിൽ ചെലവ് വരുന്നത്. ആവർത്തന സ്വഭാവത്തിലുള്ള ചെലവായതിനാൽ ഈ ആവശ്യത്തിനായി വാഹനം വാങ്ങുന്ന കാര്യം പരിഗണിക്കേണ്ടതും ഭീമമായ തുക വാഹന വാടകയിനത്തിൽ ചെലവ് വരുന്നത് ഒഴിവാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 എഫ്.എച്ച്.സി.യിൽ സോളാർ സ്ഥാപിക്കൽ - പ്രവൃത്തിയുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ.

പ്രൊജക്ട് നമ്പർ - 145/22-23

അടങ്കൽ - 9,27,000/- മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്

ചെലവ് - 9,26,200/-

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം, ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ഇരുവള്ളൂർ എഫ്.എച്ച്.സി.യിൽ സൗര വൈദ്യുതി നിലയം (ഹൈബ്രിഡ്) സ്ഥാപിച്ചിട്ടുണ്ട്. ഉല്പാദിപ്പിക്കുന്ന വൈദ്യുതി ബാറ്ററിയിൽ സംഭരിക്കുകയും തത്സമയം ഉപയോഗിക്കുകയും അധികമായി ഉല്പാദിപ്പിക്കുന്ന വൈദ്യുതി വിതരണം ലൈസൻസിയുടെ ശൃംഖലയിലേക്ക് നൽകുകയും ചെയ്യുന്ന പദ്ധതിയാണിത്.

അനെർട്ടിന്റെ പ്രാരംഭ പഠന റിപ്പോർട്ട് പ്രകാരം, അനർട്ട് മുഖേന ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്ന പക്ഷം ആകെ പദ്ധതി തുകയുടെ 10 ശതമാനം സർവ്വീസ് ചാർജ്ജായി നൽകേണ്ടതും സ്ഥാപിക്കപ്പെടുന്ന നിലയത്തിന് 5 വർഷം വാറന്റിയും സോളാർ പാനലുകൾക്ക് 25 വർഷം പെർഫോമൻസ് വാറന്റിയും ( ആദ്യ 10 വർഷം വരെ 90 ശതമാനം, തുടർന്നുള്ള 15 വർഷം 80 ശതമാനവും പ്രവർത്തനക്ഷമത

ഉറപ്പാക്കുന്നു) ഇത് സ്ഥാപിച്ച ഏജൻസി നൽകണം.

സർക്കാർ സ്ഥാപനം ആകയാൽ, കേന്ദ്ര മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചതിന് ശേഷം 10 ശതമാനം സർവ്വീസ് ചാർജ്ജായി ഈടാക്കിയ തുക ഇൻസെന്റീവായി തിരികെ നൽകുന്നതായിരിക്കും.

കൂടാതെ പദ്ധതിയിൽ പരാമർശിച്ചതിനേക്കാൾ കുറവ് തുകയാണ് ചെലവാകുന്നതെങ്കിലം പദ്ധതി നിർവ്വഹണത്തിന് ശേഷം അനർട്ട്, തിരികെ നൽകുന്നതുമാണ്.

14.07.2023 ന് അനേർട്ടുമായി എഗ്രിമെന്റ് വെച്ച് 01.03.2022 ന് 9,26,200/- രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്. (സർവ്വീസ് ചാർജ്ജായി 10 ശതമാനം തുകയായ 84200/- രൂപ ഉൾപ്പെടെ)

01.08.2023 ലെ സ്ഥല പരിശോധനയിൽ എഫ്.എച്ച്.സി. സന്ദർശിക്കുകയും സോളാർ സ്ഥാപിച്ചത് നേരിൽ കാണുകയും ചെയ്തിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ

1. സോളാർ നിലയത്തിൽ ഉല്പാദിപ്പിക്കുന്ന അധിക വൈദ്യുതി കെ.എസ്.ഇ.ബിക്ക് നൽകുന്നതിനുള്ള സംവിധാനം, നടപ്പിൽ വരുത്തിയതായി കണ്ടില്ല. പ്രത്യേക മീറ്റർ ഘടിപ്പിച്ചിട്ടുമില്ല.
2. സോളാർ നിലയത്തിന്റെ പ്രവർത്തനം തുടങ്ങിയെങ്കിലും, എഫ്.എച്ച്.സി. യിൽ മുഴുവനായും വൈദ്യുതി ലഭിച്ചിട്ടില്ല.
3. സോളാർ നിലയത്തിന്റെ വാറന്റി സംബന്ധിച്ച വിവരങ്ങൾ, 14.2.2023 ലെ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.
4. നിർവ്വഹണം നടത്തിയ ഏജൻസി, അനർട്ട്, മെഡിക്കൽ ഓഫിസർ, എഫ്.എച്ച്.സി. എന്നിവർ 3 പേർ ചേർന്നുള്ള കരാർ ചമച്ചിട്ടില്ല.
5. ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിന്റെ (824675 രൂപ ) 10 ശതമാനം ഇൻസെന്റീവ് ആയ 82467 രൂപയും ചെലവ് വന്ന തുകയിൽ ബാക്കി വരുന്ന 18858/- രൂപയും തിരികെ നൽകുമ്പോൾ ഏത് അക്കൗണ്ടിലേക്കാണ് ലഭിക്കേണ്ടതെന്ന് വ്യക്തത വരുത്തിക്കാണുന്നില്ല.

ഇതുമായി ബന്ധപ്പെട്ട വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 8/2022-23 തിയ്യതി 03.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-20 സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ - അപാകതകൾ

പ്രൊജക്ട് നമ്പർ - 119/22-23

അടങ്കൽ - 2,71,000/-

ചെലവ് - 2,70,468/- മെയിന്റനൻസ് ഫണ്ട് നോൺ റോഡ്

നിർവ്വഹണം - ഹെഡ്മാസ്റ്റർ.

പദ്ധതി പ്രകാരം ഗവ.സ്കൂളുകളിലേക്ക് താഴെ കൊടുത്തിരിക്കുന്ന ഫർണിച്ചറുകൾ വാങ്ങുകയും , ആയതിന് 2,70,468/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ബെഞ്ച് വിത്ത് ഡെസ്ക് - 30

പ്ലാസ്റ്റിക് കസേര കയ്യുള്ളത് - 13

സ്റ്റീൽ ടേബിൾ വിത്ത് ക്യാബിൻ - 13

ടെണ്ടർ നടപടികളില്ലാത്ത സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിൽ (SILK) നിന്നാണ് ഫർണിച്ചറുകൾ വാങ്ങിയിട്ടുള്ളത്. ടെണ്ടർ നടപടികൾ കൂടാതെ സിൽക്കിൽ നിന്നും ഫർണിച്ചർ വാങ്ങാൻ അനുമതി നൽകിക്കൊണ്ടുള്ള ഗവ. ഉത്തരവിൽ, ഉത്തരവിനോടൊപ്പമുള്ള പട്ടികയിൽ നൽകിയിട്ടുള്ള ഫർണിച്ചറുകൾ മാത്രം അതേ വിലയിൽ വാങ്ങാനാണ് അനുമതി നൽകിയിട്ടുള്ളത്.

എന്നാൽ മേൽ പദ്ധതി പ്രകാരം വാങ്ങിയ ഫർണിച്ചറുകൾ സർക്കാർ ഉത്തരവിനോടൊപ്പമുള്ള പട്ടികയിൽ ഉൾപ്പെട്ടതല്ല. പട്ടികയിൽ ഉൾപ്പെടാത്ത ഫർണിച്ചറുകൾ ടെണ്ടർ നടപടികളില്ലാതെ വാങ്ങിയതിന് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/2022-23 തിയ്യതി 02.08.2023) മറുപടി ലഭ്യമക്കിയില്ല.

## 1-21 വയോജനങ്ങൾക്ക് കട്ടിൽ വിതരണം(ST)

പ്രൊജക്റ്റ് നമ്പർ - 224/22

അടങ്കൽ - 63000/-

ചെലവ് - 42076 (40151 ടി.എസ്.പി 1925 തനത് ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അസിസ്റ്റന്റ് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം 15 എസ്.ടി ഗുണഭോക്താക്കൾക്ക് കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും ടെണ്ടർ നടപടികളില്ലാതെ സർക്കാർ അംഗീകരിച്ച സ്പെസിഫിക്കേഷനിലുള്ള കട്ടിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

63000/- അടങ്കൽ വെച്ച പദ്ധതിക്ക് 64340/- രൂപ ചെലവ് വന്നിട്ടുണ്ട്. 2022-23 വർഷം 42076/- രൂപ KADCO യ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

1) ബാക്കി തുക KADCO യ്ക്ക് നൽകാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

2) KADCO യിൽ നിന്ന് ഫർണ്ണിച്ചറുകൾ ടെണ്ടർ നടപടികളില്ലാതെ വാങ്ങുമ്പോൾ സർക്കാർ ഉത്തരവിനോടൊപ്പമുള്ള പട്ടികയിൽ കൊടുത്തിട്ടുള്ള ഫർണ്ണിച്ചറുകൾ മാത്രം അതേ വിലയിൽ വാങ്ങേണ്ടതും അല്ലാത്തവ ടെണ്ടർ നടപടി സ്വീകരിച്ച് മാത്രമേ വാങ്ങാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ മേൽ സ്പെസിഫിക്കേഷനിലുള്ള കട്ടിൽ സർക്കാർ ഉത്തരവിനോടൊപ്പമുള്ള പട്ടികയിൽ കാണുന്നില്ല. ടെണ്ടർ നടപടി ഇല്ലാതെ ഇപ്രകാരം ഫർണ്ണിച്ചറുകൾ വാങ്ങിച്ചതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 18/22-23 തീയതി 03.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യം സെക്രട്ടറിയുടെയും ശ്രദ്ധയിൽപെടുത്തുന്നു.

## 1-22 വൃദ്ധർക്ക് പകൽവീട് നിർമ്മാണം . അനുബന്ധപ്രവർത്തികൾ

പ്രോജക്റ്റ്നം . 280/22-23

ഫണ്ട്. വികസന ഫണ്ട്

അടങ്കൽ തുക .266761

ചെലവ് തുക .242774

ബിൽനം . 447/31.3.23

ചേളന്നൂർ പഞ്ചായത്തിൽ വാർഡ് 13 ൽ 20-21 സാമ്പത്തിക വർഷത്തിൽ നിർമ്മിച്ച പകൽവീടിന്റെ അനുബന്ധ പ്രവൃത്തികളുടെ ഭാഗമായി 22-23 സാമ്പത്തികവർഷം പ്രോജക്റ്റ് നം 280 പ്രകാരം 242774/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പ്രസ്തുത പ്രോജക്റ്റിന് 20-21 സാമ്പത്തികവർഷത്തിൽ പ്രോജക്റ്റ് നം 196 പ്രകാരം 1500000 (500000 വി.ഫണ്ട്+ 1000000 ബ്ലോക്ക് വിഹിതം) വകയിരുത്തുകയും 1233239/ രൂപ ചെലവ് വരുകയും ചെയ്തിട്ടുണ്ട്. പ്രോജക്റ്റ് പ്രകാരം കെട്ടിടത്തിന്റെ സ്ക്ട്രച്ചറൽ വർക്ക് പൂർത്തിയാക്കിയിട്ടുണ്ട്.

തുടർന്ന് 22-23 സാമ്പത്തിക വർഷത്തിൽ മേൽ സൂചിപ്പിച്ച പദ്ധതിയുടെ ഭാഗമായി കെട്ടിടത്തിന്റെ സൈഡ് വാൾ നിർമ്മിച്ചിട്ടുണ്ട്.

ഓഡിറ്റ് ടീം 1. 8.23 ന് സ്ഥലം സന്ദർശിച്ചതിൽ കെട്ടിടം ഉപയോഗപ്പെടുത്താനുള്ള യാതൊരു നടപടിയും സ്വീകരിക്കാതെ കെട്ടിടം നിഷ്ക്രിയആസ്തിയായി തുടരുന്നതായി കാണുന്നു. കൂടാതെ കെട്ടിടത്തിൽ കറന്റ് , വെള്ളം , എന്നീ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുകയോ, ജനലുകൾക്ക് പാളികൾ വയ്ക്കുകയോ ചെയ്തിട്ടില്ല. നിലവിൽ കെട്ടിടം വൃത്തിഹീനമായ അവസ്ഥയിലാണ്. കൂടാതെ കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം വയോജന സൗഹൃദമല്ല. കെട്ടിടം നിഷ്ക്രിയ ആസ്തിയായി തുടരുന്നതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-23 ടേക്ക് എ.ബ്രേക്ക് പദ്ധതി നടത്തിപ്പിലെ അപാകതകൾ

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ബഹു. മുഖ്യമന്ത്രിയുടെ 12 ഇന കർമ്മപരിപാടിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതിയാണ് ടേക്ക് എ ബ്രേക്ക്, പൊതുശുചിമുറി സമുച്ചയങ്ങളും വഴിയോര വിശ്രമകേന്ദ്രങ്ങളും. ദേശീയ സംസ്ഥാന പാതയോരങ്ങളിലും ജനബാഹുല്യമുള്ള മേഖലകളിലും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ ഏതു സമയത്തും വൃത്തിയായും സുരക്ഷിതമായും ഉപയോഗിക്കത്തക്ക രീതിയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ശുചിമുറി സമുച്ചയങ്ങളും കോഫീഷോപ്പുകളോട് കൂടിയ ഉന്നത നിലവാരത്തിലുള്ള വിശ്രമകേന്ദ്രങ്ങളും നിർമ്മിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. തുടർന്ന് 27.7.2020 തിയ്യതിയിൽ വന്ന സർക്കാർ ഉത്തരവ് (സാധാ)നം.1401/2020/ത.സ്വ.ഭ.വ. യിൽ ഈ പദ്ധതിയിലുൾപ്പെടുത്തി പൊതുശുചിമുറികൾ നവീകരിക്കുന്നതിന്/നിർമ്മിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി നൽകി.

മേൽ പദ്ധതിയുടെ ഭാഗമായി ചേളന്നൂർ ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തിക വർഷത്തിൽ ടേക്ക് എ ബ്രേക്ക് നിർമ്മാണത്തിനായി പ്രോജക്റ്റ് രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. തുടർന്ന് 22-23 സാമ്പത്തികവർഷത്തിൽ നിർമ്മാണത്തിന്റെ പൂർത്തീകരണത്തിനായി രണ്ട് പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. രൂപീകരിച്ച പദ്ധതികളുടെയും, അവയ്ക്കായി ചെലവഴിച്ച തുകയുടേയും വിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് പേര്/നം. | അടങ്കൽ/ ഫണ്ടിനം | ചെലവ്/ബിൽ നം., തിയ്യതി | പ്രവൃത്തി വിശദാംശം |
|---|---|---|---|
| ടേക്ക് എ ബ്രേക്ക്, 220/22 2020-21ൽ നിന്നുള്ള സ്പിൽ ഓവർ) | - 1326500 കേന്ദ്രാവിഷ്കൃത ഫണ്ട് (സ്വച്ഛ്ഭാരത്) | 1220520 വൗച്ചർ നം. 22100732/ 14.3.22 | കെട്ടിടനിർമ്മാണം, ഫിനിഷിംഗ് പ്രവൃത്തികൾ |
| ടേക്ക് എ ബ്രേക്ക്. ഇലക്ട്രിഫിക്കേഷൻ . 50/22-23 | 215666 ധനകാര്യകമ്മീഷൻ അവാർഡ് | 192989/ ബിൽ നം .57/1.9.22. 64894 13/20.6.22 . 128095 | ഇലക്ട്രിഫി ക്കേഷൻ വർക്ക് ,പമ്പ്ഹൗസ് നിർമ്മാണം |

| | | | |
|---|---|---|---|
| ടേക്ക് എ ബ്രേക്ക് . അധിക സൗകര്യമൊരുക്കൽ 226/ 22-23 | 50000/- ധനകാര്യകമ്മീഷൻ അവാർഡ് | 48275/- ബിൽ നം. 450/31.3.23 | സ്റ്റീൽ വർക്ക് & G.I ഷീറ്റ് ഇടൽ |
| | | | |
| ആകെ ചെലവ് | | 1461784 | |

2022-23 വർഷങ്ങളിലെ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കെട്ടിടത്തിന് ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി, പമ്പ് ഹൗസ് നിർമ്മാണം , G I ഷീറ്റ് ഇടൽ എന്നിവ ചെയ്തിട്ടുണ്ട്.

1.8.23ന് ടേക്ക് എ ബ്രേക്ക് സന്ദർശിച്ചതിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിൽ പഞ്ചായത്ത് വിജയിച്ചിട്ടില്ല എന്നു കാണുന്നു

1. നിർമ്മിച്ചിരിക്കുന്ന സ്ഥലം . പഞ്ചായത്തിലെ വാർഡ് 13 ൽ കുമാരസ്വാമി ജംഗ്ഷനിൽ കുമാരസ്വാമി നരിക്കുനി റോഡിൽ ആണ് ടേക്ക് എ ബ്രേക്ക് നിർമ്മിച്ചിരിക്കുന്നത്. ജനങ്ങളുടെ ശ്രദ്ധയിൽ വരത്തക്കവണ്ണം പേര് വിവരം അടങ്ങിയ ബോർഡ് സ്ഥാപിച്ചിട്ടില്ല.

2. പരിപാലനം, നടത്തിപ്പ് . പഞ്ചായത്തിലെ 11.5.22 ലെ 1/1 നം തീരുമാനപ്രകാരം നടത്തിപ്പിനായി കുടുംബശ്രീയെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ 27.7.2020 തിയ്യതിയിൽ വന്ന സർക്കാർ ഉത്തരവ് (സാധാ)നം.1401/2020/ത.സ്വ.ഭ.വ. മാർഗ്ഗനിർദ്ദേശപ്രകാരം കുടുംബശ്രീയുമായി കരാറിലേർപ്പെട്ടതിന്റെ വിവരങ്ങൾ ലഭ്യമല്ല.

3. 27.7.2020 തിയ്യതിയിലെ സർക്കാർ ഉത്തരവ് (സാധാ)നം.1401/2020/ത.സ്വ.ഭ.വ. .XV പ്രകാരം അധിക വരുമാനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. കെട്ടിടത്തിൽ റിഫ്രഷ്മെന്റ് സൗകര്യം ഒരുക്കിയിട്ടില്ല. അതുകൊണ്ട് തന്നെ പഞ്ചായത്തിന് ടേക്ക് എ ബ്രേക്കിൽ നിന്നും ഓഡിറ്റ് പിരീഡ് വരെ വരുമാനമൊന്നും ലഭിക്കുന്നില്ല.

4. 27.7.2020 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ)നം.1401/2020/ത.സ്വ.ഭ.വ. XIII. പ്രകാരം പ്രകൃതി സൗഹൃത ശുചിമുറി സമുച്ചയങ്ങളുടെ നിർമ്മിതിയ്ക്കായി പാലിക്കേണ്ട കാര്യങ്ങൾ നടപ്പിലാക്കിയിട്ടില്ല.

കൂടാതെ കെട്ടിട നിർമ്മാണത്തിനായി പദ്ധതി തയ്യാറാക്കുമ്പോൾ ശുചിമുറി ദിവസവും ഉപയോഗിക്കാൻ സാധ്യതയുള്ള ആളുകളുടെ എണ്ണം പരിഗണിക്കേണ്ടതുണ്ട്. അത്തരമൊരു പരിശോധന നടന്നതായി കാണുന്നില്ല.

കെട്ടിടം പൂർണ്ണമായും പ്രയോജനപ്പെടുത്തുന്ന തരത്തിൽ പദ്ധതി നടപ്പിലാക്കുന്നതിൽ പഞ്ചായത്ത് വിജയിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. കെട്ടിടം ഉപയോഗപ്രദമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 27.07.2023- 03.08.2023 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 100000 | ക്ഷീരകർഷകർക്ക് പാലിൻ സബ്സിഡി | 100000 |
| | 2022-23 | 50000 | കറവപശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 50000 |
| | 2022-23 | 423750 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 423750 |
| | 2022-23 | 500000 | അനുപൂരക പോഷകാ ഹാര വിതരണം | 500000 |
| | 2022-23 | 30000 | അതിദരിദ്രർക്ക് വീട് റിപ്പയർ | 30000 |

| | | | | |
|---|---|---|---|---|
| | | 1042000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 1042000 |
| ആകെ | | 2110032 | | 2110032 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 50000 | കറവപശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 50000 |
| | 2022-23 | 2370000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 2370000 |
| | 2022-23 | 166670 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 166670 |
| | 2022-23 | 440000 | ലൈഫ് ഭവന പദ്ധതി ജനറൽ | 440000 |
| | 2022-23 | 100000 | ക്ഷീരകർഷകർക്ക് പാലിൻ സബ്ബ്സിഡി | 100000 |
| ആകെ | | 39,97,400 | | 39,97,400 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|

| | | തുക | | |
|---|---|---|---|---|
| KYIP | കണ്ണങ്കര അക്വഡേറ്റ് മുതൽ വെള്ളാംകുർ കനാൽ റോഡ് | 8,00,000 | 8,00,000 | 0 |
| | അഞ്ചാം വളവ് കൃഷിഭവൻ റോഡ് | 8,00,000 | 8,00,000 | 0 |
| | മുതുവാട്ട് താഴം 9/5 കനാൽറോഡ് | 8,00,000 | 8,00,000 | 0 |
| | കരിപ്പാപുറത്ത് കനാൽ റോഡ് | 8,00,000 | 8,00,000 | 0 |
| | പള്ളിപ്പൊയിൽ കാരാട്ട്ത്താഴം റോഡ് | 8,00,000 | 8,00,000 | 0 |
| KSEB | സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കൽ | 10,00,000 | 10,00,000 | 0 |

കുറിപ്പ്: മേൽ തുകകളുടെ വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-ഇല്ല-

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ | ഉത്തരവ് | തൻ | വർഷാരം | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/തിയ്യതി | വർഷം എടുത്ത വായ്പ | ഭത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചട യ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ (എം.എസ്) 68/2018. ത.സ്വ.ഭ.വ തീയതി- 18/08/2018 | 0 | 10176639 | 3196105 | 0 | 6980534 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1971193 |
| തൻവർഷം നിക്ഷേപിച്ച തുക | 79264 |
| ആകെ | 2050457 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2050457 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | രസീതി നമ്പർ | തുക |
|---|---|---|---|
| 1 | കോഴിക്കോട് ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക്, കക്കോടി ശാഖ | 100211807520129 | 429324 |
| 2 | കോഴിക്കോട് ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക്, കക്കോടി ശാഖ | 100211807520130 | 630090 |

| | | | |
|---|---|---|---|
| 3 | കോഴിക്കോട് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കക്കോടി ശാഖ | 100211807520115 | 991043 |
| ആകെ | | | 2050457 |

## 4-7 ഓഡിറ്റ് റിക്കവറി

ഈ വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ 1100/- രൂപയുടെ വരവുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2020-21 | 1-14 | 1100 | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 1220604765/ 08.02.2023 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 Plan Fund AR | 12 | 2003-04 | 11.13.5.15 (പൊതു പരാമർശം) | മൈത്രി ഭവന പദ്ധതി | സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | സമിതിയുടെ പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| 2015-16 | 2-2 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | സമിതിയുടെ പരിഗണനയിൽ |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 51653270 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45824761 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5000100 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 4974900 | ശ്രീ. മനോജ് കുമാർ, സെക്രട്ടറി |
| 1-12 | 25200 | ശ്രീമതി. സ്മിത, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായ വരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മനോജ് കുമാർ, സെക്രട്ടറി | സെക്രട്ടറി, ചേളന്നൂർ ഗ്രാമപഞ്ചായത്ത് | കിഴക്കെപ്പാട്ട് വീട്, കുരുവട്ടൂർ (പി.ഒ), കക്കോടി |
| ശ്രീമതി. സ്മിത, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ ചേളന്നൂർ ഗ്രാമപഞ്ചായത്ത് | നീലക്കുഴിതാഴം, പാവങ്ങാട്, പുതിയങ്ങാടി (പി.ഒ) |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 2000-01 (ഡി.സി.ബി) | കെ.എസ്.എ.കെ.കെ.ഡി.പി3/ 882/2022(3) തീ.19.04.2023 | 1 | 12 |
| 2000-01 | കെ.എസ്.എ.കെ.കെ.ഡി.പി3/ | 3 | 12, 14, 15 |

| | | | |
|---|---|---|---|
| (പ്ലാൻ) | 1081/2019(9) തീ-28.09.2020 | | |
| 2001-02 (ഡി.സി.ബി) | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/2019(2) തീ-28.0/.2020 | 3 | 2-8, 3-5, 3-9 |
| 2001-02 (പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/2019(3) തീ-28.08.2020 | 4 | 7, 8എ, 8ബി, 11 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി3/ 882/2022(6) തീ.19.04.2023 | 3 | 2-13, 3-4, 3-8 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1193/2022 തീയതി-19.04.2023 | 3 | 3-8, 3-15, 3-19 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1193/2022(1) തീയതി 19.04.2023 | 1 | 3-8 എ |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1193/2022(2) തീ-19.04.2023 | 4 | 3-16, 3-20, 3-21, 3-22 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1193/2022(3) തീ-19.04.2023 | 1 | 3-10 (2) |
| 2011-12 & 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1193/2022(5) തീ-19.04.2023 | 1 | 3-1 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1193/2022(6) തീ-19.04.2023 | 9 | 2-2, 3-6, 3-10, 3-13 (2,3), 3-14 (1,2,3) |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1193/2022(6) തീയതി- 19.04.2023 | 12 | 2-2, 2-5, 3-1, 3-2ബി, 3-3, 3-4, 3-4(1), 3-5, 3-11(1), 3-12, 3-13, 3-18 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1193/2022(7) തീയതി- 19.04.2023 | 18 | 3-4, 3-5, 3-7, 3-8, 3-9, 3-15, |

| | | | |
|---|---|---|---|
| | | | 3-16 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1193/2022(8) തീയതി-19.04.2023 | 10 | 2-2, 3-3, 3-4, 3-5, 3-6, 3-7, 3-13(1), 3-13(2), 3-13(3), 3-14 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1193/2022(9) തീയതി-19.04.2023 | 13 | 1-5 (1,2,3,4, 5,6,7,8), 1-11, 1-12, 1-13(5), 1-15, 1-19, 1-21, 1-22, 1-25, 1-27, 1-29, 1-34, 1-35, 2-1 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി3/ 41/2022 തീ-22.01.2022 | 27 | 1-1 മുതൽ 1-27 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1204/2022 തീ-23.07.2022 | 49 | 1-1 മുതൽ 1-35 വരെയും, 3-1 മുതൽ 3-3 വരെയും, 4-1 മുതൽ4-11 വരെയും |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി.പി3/ 2261/2022 തീ-28.01.2023 | 38 | 1-1 മുതൽ 1-35 വരെയും, 2-1, 3-1, 3-2 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 26-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Chelannur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chelannur Grama Panchayat for the year 2022-2023

Date: 27/09/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Chelannur Grama Panchayat for the Year 2022-2023.

**1.Major Observations**

1) Amount used for asset creation using MP fund is not transferred to Capitall contribution and treated as revenue income/expenditure. So the the panchayat fund shown in balance sheet does not indicates the actual financial status of the institution.

2) Income/expenditure under Widow pension is seen not included in annual accounts.

**2.Other Observations**

1) The mandatory Financial statements prescribed in accounting rules are not submitted for audit eg:- Ratios, Notes on Account.

2) Net increase in Cashflow does not match with the defference between the opening balance and closing balance of

cash and equivalents.

3) Misclassification of Receipt voucher. Example- Audit recovery and Auction receipt are wrongly posted in other head of accounts.

4) Monthly Bank reconciliation is done with out bank statement. Eg:- Bank statements of the following bank accounts are not produced for audit (SBI Health Grand (A/C NO. 87863), SBI-EPAY ( A/C NO.12194), Treasury (VPFA-1-2-(1), SBI ( A/C NO.3317), Treasury TSB Account .

5)Directly Debited by bank (SBI E payment account) -Further action not taken

6) Demand register does not match with Financial statements (Eg:- Property Tax, Proffesion Tax, FTE&O Licence fee).

7) The following registers are not maintained/does not match with accounts/not reliable for audit.

a) Stock register

b) Investment register

c) Deposit register

d) Advance register

e) Grant appropriation control register

f) Loan register

8) Asset registers are not maintained/ prepared as camparable with accounts.

9) Lapses in making timely and accurate demand entries in respect of tax and non tax revenue.

10) Demand registers are not periodically reconciled with accounts.

11) The work sheet used to prepare depreciation calcuation is not produced for audit. So the accurecy of the depreciation could noÂÂt be assessed by audit.

12) The redumption amount shown in balance sheet B-15 is do not match with actual redeemed amount.

13) Authenticated documents relating Unspent Beneficiary contribution in balance sheet not produced/kept for audit.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്